**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **05-12-2022 - ൽ മറുപടിയ്ക്ക്**

**സെലക്ഷൻ വിഭാഗത്തിൽ ഐ.എ.എസ്. പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സെലക്ഷൻ വിഭാഗത്തിൽ വർഷാവർഷം ഐ.എ.എസ്. പദവിയിലേക്ക് ഉയർത്തി നിയമിക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരിൽ 2005 മുതൽ ആകെ എത്ര പേർക്ക് നിയമനം ലഭിച്ചുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നോൺ സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിൽ നിന്ന് 16 ഉദ്യോഗസ്ഥർക്ക് ഐ.എ.എസ് സെലക്ഷൻ ലഭിച്ചിട്ടുണ്ട്. |
| (ബി) | അവരിൽ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം എന്നീ വിഭാഗങ്ങളിൽ നിന്നും നിയമനം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | നോൺ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ഐ.എ.എസ് സെലക്ഷന് പരിഗണിക്കുന്നതിന് ജാതി അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല. ജാതി സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) | സെലക്ഷൻ വിഭാഗത്തിൽ ഐ.എ.എസ്. നിയമനത്തിന് പരിഗണിക്കപ്പെടുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം എന്നീ വിഭാഗങ്ങൾക്ക് സംവരണം ബാധകമാണോയെന്ന് വ്യക്തമാക്കാമോ; | (സി) | നോൺ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ഐ.എ.എസ് സെലക്ഷന് പരിഗണിക്കുന്നതിന് ജാതി അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല. ജാതി സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ഡി) | 2005 മുതൽ നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ഡി) | നോൺ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ഐ.എ.എസ് സെലക്ഷന് പരിഗണിക്കുന്നതിന് ജാതി അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല. ജാതി സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ഇ) | സർക്കാർ, പൊതുമേഖല, സർക്കാർ സഹായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരിൽ 2005 മുതൽ എത്രപേർക്ക് സ്ഥിരം നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; അവരിൽ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം, മുന്നോക്കവിഭാഗങ്ങൾ എന്നിവ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ഇ) | വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല |
| (എഫ്) | ഇത്തരം നിയമനങ്ങളിൽ ഐ.എ.എസ്. സെലക്ഷനിൽ ഉൾപ്പെടാതെ നഷ്ടപ്പെട്ട സമുദായങ്ങൾക്ക് പകരം നിയമനം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള Indian Administrative Service Recruitment Rules, 1954 പ്രകാരമാണ് IAS സെലക്ഷൻ നടത്തുന്നത്. ഐ .എ.എസ് സെലക്ഷന് പരിഗണിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജാതി അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല. |

സെക്ഷൻ ഓഫീസർ